# മലയാളപഠനം: ഭാഷാസൂത്രണദൃഷ്ടിയിൽ


സോമനാഥൻ പി.

അസോ. പ്രൊഫസർ, മലയാളകേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല


## പ്രബന്ധസംഗ്രഹം


വിദ്യാലയങ്ങളിലെ ഭാഷാപഠനത്തെ ഭാഷാസൂത്രണത്തിന്റെ പ്രധാന ഉപാധി എന്ന നിലയിൽ പരിശോധിക്കുന്നു. മലയാളപഠനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള പ്രധാനമായ ഗതിവിഗതികളെ അവലോകനംചെയ്ത് പുതുകാലത്തിന്റെ രീതികളെ വിശകലനം ചെയ്യുന്നു.



**താക്കോൽവാക്കുകൾ**: ഭാഷാസൂത്രണം, ഭാഷാപഠനം, ഭാഷാർജ്ജനം


ജനസമൂഹത്തിന്റെ നാനാവിധമായ ഉപയോഗങ്ങൾക്ക് ഭാഷയെ സജ്ജമാക്കുക എന്നതാണ് ഭാഷാസൂത്രണത്തെ സംബന്ധിച്ച് പ്രധാനമായ കാര്യം. ഭാഷയാകട്ടെ മനുഷ്യർ തങ്ങളുടെ ജീവിതപരിസരത്തുനിന്ന് സ്വാഭാവികമായി ആർജ്ജിക്കുന്നതും നിത്യജീവിതത്തിൽ സദാ പ്രയോഗിക്കുന്നതുമാണ് എന്നതിനാൽ പരിണാമിയായിരിക്കും.അചഞ്ചലമായ സ്ഥിരത അതിനു സാദ്ധ്യമല്ല. അതേസമയം ചഞ്ചലവും പരിണാമിയുമായ ഒരു സ്ഥിരത അതിനുണ്ടുതാനും. സമൂഹത്തിലെന്നപോലെ വ്യക്തിയിലും ഭാഷ നിരന്തരം വികസിച്ചുകൊണ്ടിരിക്കും. പ്രാദേശികവും സാമൂഹികവും കാലികവുമായ വ്യത്യാസങ്ങളൊക്കെയും വ്യക്തിഭാഷയിലും പ്രസക്തമായിരിക്കും. വാസ്തവത്തിൽ നാം മലയാളമെന്ന് വിളിക്കുന്നത് അനവധി മാറ്റങ്ങളോടെ വളരെയേറെക്കാലമായി ഇവിടെ തുടരുന്ന, ആലങ്കാരികമായി അനേകം ഭാഷകളെന്നുപോലും വിളിക്കാവുന്നതരത്തിൽ പലവിധമായ വൈവിദ്ധ്യങ്ങൾ പുലർത്തുകയും അതേസമയം പൊതുവായ പലതും ഉൾവഹിക്കുകയും ചെയ്യുന്ന, പലമകളുടെ

സമാഹാരത്തെയാണ്. മലയാളമെന്നല്ല എല്ലാ ജീവത്ഭാഷകളും ഇതുപോലൊക്കെത്തന്നെയാണ്. ഭാഷകൾ പുലർത്തുന്ന ഈ വൈവിദ്ധ്യങ്ങളും നിരന്തരമായ പരിണാമപ്രവണതയുമാണ് ഭാഷാസൂത്രണം എന്നൊരു പദ്ധതിയെത്തന്നെ പ്രസക്തമാക്കുന്നത് എന്നുപോലും പറയാം. വൈവിദ്ധ്യങ്ങൾ വളർന്ന് പരസ്പരം തിരിച്ചറിയാനാകാത്ത മട്ടിൽ അത് ചിതറിപ്പോകാതിരിക്കാനാണ് ഭാഷാസൂത്രണം ശ്രമിക്കുന്നത്. അതിൽ മാനകഭാഷ എന്നത് സുപ്രധാനമാകുന്നു. അതേസമയം ഭാഷയുടെ വിവിധങ്ങളായ പ്രയോഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽക്കൂടുതൽ സൂക്ഷ്മതരമാക്കാനും ശ്രമിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നതിനാൽ ഭാഷാസൂത്രണത്തെ സംബന്ധിച്ച് വൈവിദ്ധ്യവും പ്രധാനമാകുന്നു. വ്യത്യസ്തമായ മേഖലകൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി പ്രയോഗക്ഷമമായ വ്യത്യസ്തമായ റജിസ്റ്ററുകളുണ്ടാവുകയെന്നത് ഭാഷയെ സമ്പുഷ്ടഭാഷ എന്ന പദവിയിലെത്തിക്കുന്നതിൽ പ്രധാനമാണല്ലോ.

മലയാളശൈലി എന്ന പുസ്തകത്തിന്റെ തുടക്കത്തിൽത്തന്നെ വൈവിദ്ധ്യങ്ങളെയും ഏകീകരണത്തെയും സംബന്ധിച്ച ഉൽക്കണ്ഠ കുട്ടികൃഷ്ണമാരാർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

“ഒരു മൂലഭാഷയുടെ ഉൾപ്പിരിവുകളായി ചിന്നിച്ചിതറിയ ഭാഷാന്തരങ്ങൾക്കു തമ്മിലുള്ള വിപുലമായ വ്യത്യാസങ്ങൾ പോകട്ടെ; ഒരേകഭാഷതന്നെ ഏതാനും ശതാബ്ദങ്ങൾ കഴിയുമ്പോഴേയ്ക്ക് എങ്ങിനെയെല്ലാം മാറിമറിഞ്ഞുകളയുന്നു! നമ്മുടെ പൂർവ്വികരായ മലയാളികളുടെ ഭാഷയിൽ എഴുതപ്പെട്ട ‘ചിലപ്പതികാരം’, രാമചരിതം’, ‘കണ്ണശ്ശരാമായണം’ മുതലായവ ഇന്ന് ഒരു സാധാരണ മലയാളിയ്ക്കു മനസ്സിലാവാതിരിക്കുന്നുവല്ലോ. ഈ നിലയ്ക്കു നോക്കുമ്പോൾ ഭാഷയിൽ പദവാക്യപ്രമാണങ്ങളെ ഏറെക്കാലത്തേയ്ക്കും നിലനിർത്തുക എന്നതു ദുഷ്കരമായിത്തോന്നും. എന്നാൽ അതുതന്നെയാണ്, നാം ഏതാനും വ്യവസ്ഥകളെ അനുസരിയ്ക്കുക അത്യാവശ്യമാണെന്നതിലേയ്ക്കുള്ള കാരണവും. നമ്മൾ ഇന്നെഴുതുന്ന മലയാളം ഒരഞ്ഞൂറുസംവത്സരത്തിനു ശേഷം വരുന്ന മലയാളിയ്ക്കു മനസ്സിലാകണമെങ്കിൽ, ഒരു ഗവേഷണശാലയും കുറേ പണ്ഡിതന്മാരുടെ നിരന്തരപരിശ്രമങ്ങളും വേണ്ടിയിരിയ്ക്കുമെന്നു വരുന്നതു നല്ലതിനല്ലല്ലോ.”

1942-ലാണ് മലയാളശൈലിയുടെ ആദ്യപ്രസാധനമെങ്കിലും മേൽ കാണിച്ച വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്, 1985 നവംബറിൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ഒമ്പതാം പതിപ്പിൽനിന്നാണ്. വെറും 35 കൊല്ലം മുമ്പുള്ള മലയാളം അച്ചടിയും ഇന്നത്തെ അച്ചടിയും തമ്മിൽ താരതമ്യം ചെയ്യാൻകൂടി ഈ ഉദ്ധരണി സഹായിക്കും.

അഴിച്ചുമാറ്റാവുന്ന അച്ചുകൾ നിരത്തിയുള്ള 1985-ലെ അച്ചടിയിൽനിന്ന് 2020-ലെ ഡിടിപി അച്ചടിയിലേക്ക് മാറിയതിനിടെ എഴുത്തുരീതി എങ്ങനെ യെല്ലാം മാറിയിരിക്കുന്നു എന്ന് ആലോചിക്കാവുന്നതാണ്. എന്തായാലും പൂർവ്വികർ എന്ന് ഇരട്ടിച്ച വയുടെ മേലെ കുത്തിട്ട് എഴുതുന്ന രീതി ഇവിടെ സാദ്ധ്യമല്ലതന്നെ. മലയാളിയ്ക്ക് എന്നത് യകാരം ഒഴിവാക്കി മലയാളിക്ക് എന്നേ ഇന്നെഴുതാറുള്ളൂ. ഇത്രയേറെ ചിഹ്നങ്ങൾ ഇന്ന് ആരുണ്ട് ഉപയോഗി ക്കുന്നു. പണ്ഡിതന്മാർ എന്നതിനു പകരം ലിംഗനിരപേക്ഷമായ പണ്ഡിതർ ആണ് ഈ എൽജിബിടി കാലത്ത് രാഷ്ട്രീയമായി ഉചിതമെന്ന് വിചാരിക്കാനും മതി. ലിപിപരിഷ്കരണം വരുത്തിയ മാറ്റങ്ങളുടെ പ്രത്യാഘാതങ്ങൾകൂടി പരി ഗണിച്ചാൽ ഇതിൽ എത്ര സമസ്തപദമാണ് പിരിച്ചെഴുതുകയെന്നും എത്ര ഇരട്ടിപ്പുകളാണ് നഷ്ടപ്പെടുകയെന്നും ആലോചിക്കാവുന്നതാണ്. ലിപിപരിഷ്ക രണമാകട്ടെ മലയാളത്തിൽ അരനൂറ്റാണ്ടുമുമ്പേ കമ്മറ്റിയുണ്ടാക്കി മീറ്റിങ്ങുകൂടി ചർച്ച ചെയ്ത് ആലോചിച്ചുറപ്പിച്ച് നടത്തിയ പ്രധാനപ്പെട്ട ഭാഷാസൂത്രണപ്രവർ ത്തനവുമാണ്. ചുരുക്കത്തിൽ, കെ.എം. ഗോവിയെ പിന്തുടർന്നുകൊണ്ട് ഒരു ഗവേഷണത്തിനുള്ള വകുപ്പൊക്കെ ഇപ്പറഞ്ഞ 35 വർഷത്തിനുള്ളിൽത്തന്നെ ഉണ്ടായിട്ടുണ്ടെന്നർത്ഥം.

ഭാഷയിൽ പുതുതായി ഉണ്ടാകുന്ന ഓരോ വാക്യവും സൂക്ഷ്മാർത്ഥ ത്തിൽ ഭാഷയെ വികസിപ്പിക്കുന്നതിനുള്ള ചെറിയ ചുവടുവെപ്പാണ്. അത് ഭാഷാപ്രയോഗത്തെ നവീകരിക്കാനും കൂടുതൽ കാര്യക്ഷമമാക്കാനുമുള്ള യത്നമാണല്ലോ. വിശാലമായ ഈ അർത്ഥത്തിൽ നോക്കുമ്പോൾ ഏതൊരു ഭാഷാപ്രയോഗവും ഭാഷാസൂത്രണത്തിന്റെ പരിധിയിൽ വരും എന്നു പറയാം. പക്ഷേ, 'വാക്കുകൾ കാറ്റാകുന്നു' എന്നു കോവിലൻ പറഞ്ഞപോലെ മൊഴികൾ മിക്കതും തൽക്കാലത്തേക്കേ നില്ക്കുന്നുള്ളൂ. എഴുത്തും രേഖപ്പെടു ത്തിയ മൊഴികളുമാകട്ടെ ഏറെക്കാലം നിലനില്ക്കുന്നവയാണ്. അതിനാൽ ഭാഷയിൽ രേഖപ്പെടുത്തുന്ന മൊഴികൾക്ക് ഭാഷാസൂത്രണത്തിൽ കൂടുതൽ പങ്കുണ്ട് എന്നു പറയാം. അങ്ങനെ നോക്കുമ്പോൾ ഗ്രന്ഥരചനയുൾപ്പെടെ മൊഴികൾ രേഖപ്പെടുത്തുന്നതുതന്നെ വലിയ ഭാഷാസൂത്രണപ്രവൃത്തിയാകു ന്നു. അത് തികച്ചും സാധാരണമായതിനാൽ അതിനെ ഗൗനിക്കാറില്ലെന്നു മാത്രം. അതേസമയം ഭാഷയെക്കുറിച്ചുള്ള ആലോചനകളും വിശകലനങ്ങളും ഭാഷാസൂത്രണം ഗൗരവമായി പരിഗണിക്കുന്ന മേഖലയാണ്. അതായത് ഭാഷാവിഷയകമായി മലയാളത്തിലുണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരി ക്കുന്നതുമായ ഗ്രന്ഥങ്ങൾ–മണിപ്രവാളലക്ഷണമായാലും വിദേശികൾക്ക്

ഭാഷാപഠനത്തിനുള്ള സഹായി ആയാലും ഭാഷാവ്യാകരണരചന ആയാലും ഭാഷാചരിത്രനിർമ്മാണമായാലും ഭാഷാപ്രയോഗനിർദ്ദേശകങ്ങളായാലും ഭാഷാഭേദപഠനമായാലും അതെല്ലാം- ഗൗരവമായ ഭാഷാസൂത്രണയത്നങ്ങളായി എണ്ണാം.

ഭാഷാസംബന്ധമായ ഗ്രന്ഥരചനകൾ പോലെ വ്യക്തികളോ പ്രസ്ഥാനങ്ങളോ ഏറ്റെടുത്തു നടത്തിയ വമ്പിച്ച ഭാഷാസൂത്രണശ്രമങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്; ഉണ്ടാകുന്നുമുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ പലതരത്തിൽപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. അതേസമയം ലിപിപരിഷ്കരണംപോലെയുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കിയ ഭാഷാസൂത്രണശ്രമങ്ങളും അവർ നടപ്പാക്കിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും മലയാളത്തിലെ ഭാഷാസൂത്രണശ്രമങ്ങളിൽ ശക്തവും അഭംഗുരവുമായ ധാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഭാഷാപഠനത്തിന്റേതാണ് എന്നു കാണാം. അതിലാണ് ലിപിപരിഷ്കരണം വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുള്ളതും.

കേരളപ്പിറവിക്കു മുമ്പുതന്നെ മലയാളദേശത്തിൽ അങ്ങിങ്ങോളമുള്ള കുട്ടികളെ മലയാളം എഴുത്തിലേക്ക് ആനയിച്ചുകൊണ്ടാണ് ആധുനികരീതിയിലുള്ള പൊതുവിദ്യാഭ്യാസം നടപ്പായത്. ആദ്യകാലത്ത് അതിനുണ്ടായിരുന്ന ജാതിശാഠ്യങ്ങളും സ്ത്രീവിരോധവുമെല്ലാം ക്രമേണ മാറിയതോടെ അത് വലിയതോതിൽ സ്വീകാര്യതയും വ്യാപ്തിയും ശക്തിയും നേടിയെടുത്തു. അച്ചടിയും മിഷണറിപ്രവർത്തനവും പുരോഗമനാശയങ്ങളും എല്ലാം ഇരമ്പിയ ചരിത്രകാലഘട്ടം ആധുനികമലയാളി എന്ന പുതിയ മനുഷ്യസങ്കല്പം രൂപപ്പെടുത്തിയെടുത്തതിന്റെ പശ്ചാത്തലത്തിലാണ് (അനവധി സ്കൂൾ മുതലാളിമാരുടെ മുൻകയ്യിൽ) ജനകീയമായ വിദ്യാഭ്യാസതരംഗം രൂപപ്പെട്ടത്. കേരളപ്പിറവിയെത്തുടർന്ന് മലയാളദേശത്തെവിടെയും കുട്ടികൾ ഒരേ പാഠപുസ്തകങ്ങൾ പഠിക്കാനാരംഭിച്ചു. ഭാഷാസൂത്രണത്തിലെ സുപ്രധാനമായ കാര്യമാണ് ഭാഷാമാനകീകരണം. വിദ്യാഭ്യാസത്തിലെ മലയാളപഠനംപോലെ, ഇന്നും തുടരുന്ന, അത്രയ്ക്ക് ബൃഹത്തായ ഒരു മാനകീകരണപദ്ധതി മറ്റൊന്നില്ല എന്നതാണ് ഭാഷാസൂത്രണത്തിൽ അതിനുള്ള പ്രാധാന്യം. മാനകീകരണപ്രക്രിയയിൽ ചിലർക്ക് കിട്ടുന്ന ആനുകൂല്യങ്ങളും മറ്റു ചിലർക്ക് നേരിടേണ്ടിവരുന്ന പ്രാതികൂല്യങ്ങളും അതിലടങ്ങിയിട്ടുണ്ടെങ്കിലും അത് മലയാളികളെ ഭാഷാപരമായി ഏകീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അത് വിശാലമായ ഭാഷാലോകത്തേക്ക് കുട്ടികളെ നയിച്ചു എന്നത് പ്രധാനമാണ്.

വിദ്യാഭ്യാസപ്രവർത്തനം ആരംഭിച്ചപ്പോഴാണ് കുട്ടികൾക്ക് പഠിക്കാൻ പാകത്തിൽ വിവിധവിഷയങ്ങളിൽ പാഠപുസ്തകങ്ങളുണ്ടാകേണ്ടത് ഒരടിയന്തിരാവശ്യമായി വന്നത്. അക്കാലത്ത് രൂപീകരിച്ച പാഠപുസ്തകക്കമ്മറ്റികളുടെ പ്രധാന ജോലിതന്നെ വിവിധ വിഷയങ്ങൾക്കായി ഗദ്യത്തിൽ പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കുകയെന്നതായിരുന്നു. മലയാളത്തിലെ ഗദ്യശാഖയെ പ്രബലപ്പെടുത്തി എന്നതിനപ്പുറം വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പദാവലികളും പ്രതിപാദനരീതികളും രൂപപ്പെടുത്തിക്കൊണ്ട് അത് മലയാളത്തിന്റെ വിനിമയസാദ്ധ്യതയെ വിപുലപ്പെടുത്തി. ഒപ്പം അതിർത്തിപ്രദേശങ്ങളിലെ സമൂഹങ്ങൾക്ക് അവരവരുടെ ഭാഷയിൽ പഠിക്കാനുള്ള അവസരവും അതു പരിഗണിച്ചു. ആ അർത്ഥത്തിൽ ഏകഭാഷ എന്ന അടഞ്ഞനിലപാടിൽ അത് തളഞ്ഞുപോയില്ല.

കേരളത്തിൽ നടപ്പിലായ മലയാളപഠനത്തിന് മൂന്നു ധാരകൾ കാണാം. ഒന്ന് വിവിധ വിഷയങ്ങൾ പഠിക്കാനുള്ള മാദ്ധ്യമമെന്ന നിലയിൽ. രണ്ട്, മലയാളഭാഷതന്നെ എല്ലാവിദ്യാർത്ഥികളും പഠിച്ചിരിക്കേണ്ട പഠനവിഷയമെന്ന നിലയിൽ. മൂന്നാമത് മലയാളഭാഷാസാഹിത്യംതന്നെ ആവശ്യക്കാർക്ക് തിരഞ്ഞെടുക്കാവുന്ന വിശേഷപഠനം എന്ന നിലയിൽ. മലയാളഭാഷയിലെ സാഹിത്യരൂപങ്ങളും സാഹിത്യശാസ്ത്രങ്ങളും ഭാഷാഘടനയും എല്ലാം ഉൾപ്പെടുത്തി ഭാഷയെ കൂടുതൽ ആഴത്തിൽ പഠിക്കാനുള്ളതാണത്. സവിശേഷമായ ഭാഷാപഠനത്തിനായി മലയാളമോ സംസ്കൃതമോ അറബിയോ ഒക്കെ പഠിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു. പഠനത്തിനുള്ള ഭാഷാമാദ്ധ്യമമെന്ന നിലയിൽ ഇംഗ്ലീഷും ആദ്യകാലത്തേ നിലവിലുണ്ടായിരുന്നു. അതിന് ഏറെ മാന്യതയും സ്വീകാര്യതയും ലഭിച്ചിരുന്നു എന്നുകൂടിയാണല്ലോ ബാലാഭ്യസനത്തെക്കുറിച്ചുള്ള റവ. ജോർജ്ജ് മാത്തന്റെ പ്രസിദ്ധമായ പ്രഭാഷണത്തിന്റെ ചരിത്രപശ്ചാത്തലത്തിൽനിന്ന് വ്യക്തമാകുന്നത്. പിന്നീട് മുതിർന്ന ക്ലാസ്സുകളിൽ ത്രിഭാഷാപദ്ധതിയെ പിന്തുടർന്നുകൊണ്ട് ഇംഗ്ലീഷും ഹിന്ദിയും നിർബ്ബന്ധിതമായ പഠനവിഷയമായി. ബഹുഭാഷകളും ബഹുലസംസ്കാരങ്ങളുമുള്ള ഇന്ത്യയെന്ന പ്രദേശത്തെ ഒന്നാകെ കണ്ടുള്ള വിശാലമായ ഭാഷാസൂത്രണത്തിന്റെ ഭാഗമായിട്ടാണ് ത്രിഭാഷാപദ്ധതി വരുന്നത് (പുതിയകാലത്ത് അത് പണ്ടേപ്പോലെ പ്രസക്തമാണോ എന്നു പരിശോധിക്കേണ്ടതാണ്). ഇങ്ങനെ പല ഭാഷകൾ പഠനവിഷയമാകുന്നത് മലയാളഭാഷാസൂത്രണത്തെ നിരുത്സാഹപ്പെടുത്തുകയല്ലേ ചെയ്യുക എന്നു സംശയിക്കാം. മറ്റു ഭാഷകളുമായുള്ള സമ്പർക്കങ്ങൾ ഏതൊരു ഭാഷയുടെയും

വികാസത്തിന് അനുപേക്ഷണീയമാണ്. ഭാഷാഘടനയെക്കുറിച്ചുള്ള ആലോചനയ്ക്ക് അന്യഭാഷാസമ്പർക്കം പ്രചോദനമാകും. വിവർത്തനങ്ങളിലൂടെ ഭാഷ ശക്തിപ്പെടാൻ അന്യഭാഷാഗ്രാഹ്യം അനിവാര്യവുമാണ്. ചുരുക്കത്തിൽ സ്വന്തം സ്വാതന്ത്ര്യം കൈവിടാതെ കഴിയുന്നത്ര ഭാഷകളുമായി സമ്പർക്കം പുലർത്തുക എന്നതാണ് ഭാഷയെ സംബന്ധിച്ച് ഗുണകരം. പരിചിതമായ ഭാഷകളിൽനിന്നെല്ലാം അത്തരം സാദ്ധ്യതകളെ നമ്മൾ വേണ്ടവിധത്തിൽ ഉപയോഗിച്ചിട്ടുണ്ടോ എന്നത് വേറെ ചോദ്യം.

മലയാളപഠനത്തിനുള്ള മൂന്നു ധാരകൾ പരിശോധിച്ചാൽ ഓരോന്നിനും സവിശേഷമായ ചില ഉദ്ദേശ്യലക്ഷ്യങ്ങളുള്ളതായിക്കാണാം. മറ്റേതൊരു വിഷയത്തെയും മലയാളഭാഷയിലൂടെ ഉൾക്കൊള്ളാനും മലയാളത്തിൽ ആവിഷ്കരിക്കാനും ശീലിക്കുകയാണ് പഠനമാദ്ധ്യമമെന്ന നിലയിലുള്ള മലയാളപഠനത്തിന്റെ ലക്ഷ്യം. വിജ്ഞാനത്തെ ജനകീയമാക്കുന്ന ഒരു ദൗത്യമുണ്ടല്ലോ അതിൽ. നിർബ്ബന്ധിതമായ മലയാളം (പഴയകാലത്ത് മലയാളം രണ്ടാം പേപ്പർ) നിത്യജീവിത്തിൽ അത്യാവശ്യമായി വരുന്ന ചില എഴുത്തുകുത്തുകളും സാമാന്യമായ വായനയും എല്ലാം ഉൾപ്പെടുത്തിയ ഭാഷാവ്യവഹാരപഠനമാണ്. അത് കേരളത്തിൽ എല്ലാവരും പഠിച്ചെടുക്കേണ്ട ഭാഷാശേഷിയെ മുൻനിറുത്തുന്നു. എല്ലാവരെയും മലയാളത്തിൽ പ്രായോഗികമായ സാക്ഷരതയുള്ളവരാക്കുക എന്നതാണതിന്റെ നിലപാട്. സവിശേഷമായ മലയാളപഠനമാകട്ടെ ഭാഷയെയും സാഹിത്യത്തെയും ആഴത്തിൽ പഠിക്കാനുദ്ദേശിക്കുന്നവർക്കു സ്വീകരിക്കാനുള്ളതാണ്. തുടർപഠനത്തിൽ, പ്രീഡിഗ്രിയിലും ഡിഗ്രിയിലും പി.ജി.യിലുമെല്ലാം മലയാളം തിരഞ്ഞെടുത്ത് മുന്നേറുന്നവർക്ക് ശക്തമായ അടിത്തറ രൂപപ്പെടുത്തുകയാണതിന്റെ ഒരു ലക്ഷ്യം. മറ്റൊന്ന് ഉന്നതപഠനത്തിൽ മലയാളം സ്വീകരിക്കാത്തവർക്കും മലയാളഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ച അടിസ്ഥാനപരമായ ധാരണയുണ്ടാക്കുകയും വായനയും സംവാദവും സജീവമാക്കി നിർത്താനുള്ള വിഭാഗത്തെ സൃഷ്ടിച്ചെടുക്കുകയുമാണ്. പഴയ കാലത്തെ മലയാളം ഒന്നാം പേപ്പറിന്റെയും രണ്ടാംപേപ്പറിന്റെയും പാഠപുസ്തകങ്ങളുടെ ഘടന താരതമ്യം ചെയ്താൽത്തന്നെ ഇത് വ്യക്തമാകും.

എന്താണ് മറ്റു വിഷയങ്ങളുടെ മലയാളപാഠപുസ്തകങ്ങളും മലയാളം തന്നെ പാഠ്യവിഷയമായ പാഠപുസ്തകങ്ങളും തമ്മിലുള്ള വ്യത്യാസം എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ചരിത്രത്തിലെയോ, ശാസ്ത്രത്തിലെയോ ഒരു ഭാഗം ഒരേസമയം ഈ രണ്ടുതരം പാഠപുസ്തകങ്ങളിലും പ്രത്യക്ഷപ്പെട്ടേക്കാം. പക്ഷേ

അവയുടെ പഠനോദ്ദേശ്യങ്ങൾ തമ്മിൽ കാതലായ ചില വ്യത്യാസങ്ങളുണ്ട്. ശാസ്ത്രപാഠപുസ്തകത്തിൽ പ്രധാനം അതിലെ ആശയമാണ്. ഭാഷ അതു പഠിക്കാനുള്ള ഒരു ഉപാധിമാത്രമാണവിടെ. മലയാളപാഠപുസ്തകത്തിലാകട്ടെ ഭാഷയാണ് കാര്യം. കഠിനപദങ്ങൾ, പദച്ചേരുവകൾ, അവയുടെ സന്ധിയും സമാസവും തുടങ്ങിയവ അവിടെ പ്രധാനമാണ്. അവിടെ വിഷയം ഒരു ഉപാധി മാത്രമാണ്. സൂക്ഷ്മമായ അർത്ഥത്തിൽ സാഹിത്യംപോലും അവിടെ ഭാഷാപഠനത്തിനുള്ള ഉപാധി മാത്രമാണെന്നു പറയാം. വസ്തുനിഷ്ഠമായ കാര്യങ്ങളും ഭാവനാത്മകമായ കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ഭാഷയുടെ പ്രയോഗവൈവിദ്ധ്യമാണ് ശ്രദ്ധാവിഷയം. ചെറിയ ക്ലാസ്സിൽ മലയാളം മുൻഷിമാർ പദച്ഛേദവും അന്വയവും വിശദീകരിച്ച് ഒരേ പദ്യത്തിനുതന്നെ അർത്ഥങ്ങളുടെ പല അടരുകൾ കാണിച്ചുതന്ന പഴയ ക്ലാസ്സ്റൂമനുഭവമാണ് ഫിസിക്സിലും ഒരു കാര്യത്തിന് പിന്നിൽ ഒന്നിൽക്കൂടുതൽ അർത്ഥങ്ങൾ (സാദ്ധ്യതകൾ) ഉണ്ടാകാമെന്ന നിലപാടിലേക്ക് തന്നെ എത്തിച്ചതെന്ന് ഇ.സി.ജി. സുദർശൻ (കെ.എം. വേണുഗോപാൽ, 2008) രേഖപ്പെടുത്തിയിട്ടുണ്ട്. സവിശേഷമായ ഭാഷാപഠനത്തിന്റെ, മലയാളപഠനത്തിന്റെ, ഈ സാദ്ധ്യതകളാണ് അല്ലാതെ ശാസ്ത്രപഠനത്തിന്റെ ഗുണമല്ല വഴികാട്ടിയായത് എന്നാണദ്ദേഹം വെളിപ്പെടുത്തിയത്. അതേസമയം ഭാഷാപ്രയോഗത്തിലല്ല, മറിച്ച് ശാസ്ത്രപ്രയോഗത്തിലാണ് അത് പ്രവർത്തിച്ചത് എന്നും ഓർക്കേണ്ടതാണ്. അതായത് ഭാഷാപഠനത്തിന്റെയും ശാസ്ത്രപഠനത്തിന്റെയും പഠനോദ്ദേശ്യങ്ങൾ വ്യത്യസ്തമാണെന്നും അവ സംയോജിക്കുമ്പോൾ വിസ്മയകരമായ ഫലങ്ങളിലേക്കു നയിക്കാം എന്നുമാണ് ഇത് വ്യക്തമാകുന്നത്. അതേസമയം അദ്ദേഹത്തിനു വെളിച്ചം നല്കിയ തരത്തിലുള്ള ഭാഷാപഠനം 1997-ലെ പാഠ്യപദ്ധതിപരിഷ്കരണത്തോടെ പാടേ ഉപേക്ഷിക്കുകയാണ് നാം ചെയ്തത് എന്നും ഇതിനോടൊപ്പം ഓർക്കാം.

സാധാരണയായി അഞ്ചുവയസ്സോടെ ഏതൊരു കുട്ടിയും തന്റെ ചുറ്റുവട്ടത്തുള്ള ഭാഷ(ഒന്നാംഭാഷ)യിൽ സാമാന്യമായ പ്രയോഗജ്ഞാനം നേടിയിരിക്കും എന്നതിനാൽ അതിനുശേഷം മാത്രം വിദ്യാലയപ്രവേശം നേടുന്ന കുട്ടിക്ക് പിന്നീട് എന്തു മലയാളമാണ് പഠിക്കാനുള്ളത് എന്ന സംശയം തോന്നാം. കുട്ടി പക്ഷേ ആർജ്ജിച്ചെടുത്തത് മലയാളത്തിന്റെ പല ഭാഷാഭേദങ്ങളിൽ ഒന്നു മാത്രമാണ്. അതിന്റെ പ്രയോഗമണ്ഡലം വീടും പരിസരവുമെന്നനിലയിൽ വളരെ പരിമിതവുമാണ്. വിദ്യാലയത്തിൽ അതുതന്നെ വീണ്ടും പഠിക്കുകയല്ല ചെയ്യുന്നത്. ഒന്നാംഭാഷയുടെ സ്വാംശീകരണവും ഒന്നാംഭാഷയുടെ പഠനവും

പരസ്പരബന്ധമുള്ളതാണെങ്കിലും ഒരേ രീതിയല്ല പിന്തുടരുന്നത്. വിദ്യാലയങ്ങളിൽ കുട്ടികൾ പഠിക്കുന്നത് എഴുത്തുവിദ്യയാണ്. അത് അതേവരെ സ്വാംശീകരിച്ച വാമൊഴിഭാഷയുടെ തുടർച്ചയാണെങ്കിലും അതുതന്നെയല്ല.

അതുവരെ സംസാരിക്കുമ്പോൾ ഉപയോഗിച്ചിരുന്ന സ്വനങ്ങളെത്തന്നെ അവർ പുതുതായ ഒരു തലത്തിൽ തിരിച്ചറിയുന്നു. മലയാളത്തിലെ അടിസ്ഥാനാക്ഷരങ്ങൾ അമ്പത്തൊന്നോ അല്ലയോ എന്ന് നമുക്കിനിയും തിട്ടപ്പെടുത്താനായിട്ടില്ലെങ്കിലും അടിസ്ഥാനാക്ഷരങ്ങളിലെ സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും കുട്ടി തിരിച്ചറിയുന്നത് അവിടെ വെച്ചാണ്. ഭാഷണത്തിന്റെ ഒഴുക്കിൽ സ്വരപ്രായമായിത്തീരുന്ന പല വ്യഞ്ജനങ്ങളും നമ്മുടെ നാട്ടുമൊഴികളിലുണ്ട്. അവയിലെ വ്യഞ്ജനത്വം പ്രകടമായി അനുഭവപ്പെടുന്നത് എഴുത്തുചിഹ്നങ്ങൾ പഠിച്ചെടുക്കുന്നതോടെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മലയാളത്തിലെ സ്വനിമാപഗ്രഥനം എന്ന ഗൗരവതരമായ പ്രക്രിയയിലൂടെയാണ് കുട്ടി കടന്നുപോകുന്നത്. അതുവരെ ഉച്ചരിച്ചുറച്ച ശീലങ്ങൾ അതിന് സഹായകരമാകുന്നുണ്ട്. പൂ, നായ്, മൗ തുടങ്ങി പരിചിതമായ പദങ്ങൾതന്നെ അക്ഷരവിന്യാസം പ്രകടമാകുന്ന തരത്തിൽ പൂവ്, നായ, മഴ എന്ന മട്ടിൽ തിരിച്ചറിയുന്നു. അതുവരെ കേട്ട കതയെ കഥയെന്നു മനസ്സിലാക്കുന്നു. എന്തിന് വീട്ടിലെ ചെല്ലപ്പേരിനു പകരം തന്റെ ഔദ്യോഗികനാമത്തെ തിരിച്ചറിയുന്നു. പൂമ്പാറ്റ ചിത്രശലഭത്തിന്റെ വീട്ടിൽ വിളിക്കുന്ന പേരാകും എന്ന് വീരാൻകുട്ടി എഴുതിയതുപോലെ (കവിതയുടെ താല്പര്യം മറ്റൊന്നാണെങ്കിലും) പരിചിതമായ ചുറ്റുപാടുകളെത്തന്നെ അത് പുനർനിർവ്വചിക്കുന്നു. നാനാജഗന്മനോരമ്യഭാഷ എന്ന് ഇടശ്ശേരി (പള്ളിക്കൂടത്തിലേക്ക് വീണ്ടും) വാഴ്ത്തിയ ജന്തുസഹജമായ അമൂർത്തഭാഷയിൽനിന്ന് ആ കാല്പനികാനുഭവത്തെ നാനാജഗന്മനോരമ്യഭാഷ എന്ന് മൂർത്തമായ മലയാളത്തിലേക്ക് മാറ്റുന്ന ഇടശ്ശേരിയുടെ കാവ്യഭാഷയിലേക്ക് കുട്ടി പിച്ചവെക്കുന്നു. ആംഗ്യങ്ങൾകൊണ്ടും ഈണവ്യത്യാസം കൊണ്ടും മറ്റും സൂചിപ്പിച്ചിരുന്ന അർത്ഥഭേദങ്ങളെ കുറേക്കൂടി മൂർത്തമായി അവതരിപ്പിക്കുകയെന്ന വെല്ലുവിളി ഏറ്റെടുക്കുന്നു. ചുരുക്കത്തിൽ വർണ്ണപദവാക്യതലങ്ങളിലെല്ലാം അതു പുതിയ ഒരു വ്യക്തത നേടുന്നു. അതാകട്ടെ കേരളത്തിലെവിടയുമുള്ള മലയാളികളോട് സംവദിക്കാൻ ശേഷിയുള്ള ഒന്നാണെന്ന് ക്രമേണ തിരിച്ചറിയുകയും ചെയ്യുന്നു. മാത്രമല്ല തന്റെ പരിസരഭാഷയെ അടയാളപ്പെടുത്താൻ കഴിയുന്ന വിധത്തിൽ എഴുത്തുഭാഷയെ പരിഷ്ക്കരിക്കാമെന്നും പഠിക്കുന്നു. നിശ്ചിതമായ അക്ഷരചിഹ്നങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ വാമൊഴിയുടെ രീതിഭേദങ്ങളെ എങ്ങനെയെല്ലാംസൂചിപ്പിക്കാൻ കഴിയുമെന്ന്

നോവലിലും ചെറുകഥകളിലുമൊക്കെ നടത്തിയ പരീക്ഷണങ്ങളുടെ ബഹുവിധമായ മാതൃകകളും അവർക്ക് മുന്നിൽ എഴുത്തായി ലഭിക്കുന്നു. ചുരുക്കത്തിൽ മാനകീകൃതമായ എഴുത്തുഭാഷയിലേക്ക് പ്രവേശിക്കുന്നതിനുള്ള ബോധപൂർവ്വമായ പരിശീലനങ്ങളുടെ ആദ്യപടിയിലാണ് ഒന്നാം ക്ലാസ്സിലെത്തുന്ന കുട്ടി പാദമൂന്നുന്നത്. തുടർന്ന് ആ ഭാഷയിലാണ് കണക്കും സയൻസും ചരിത്രവും ഭൂമിശാസ്ത്രവും മറ്റും കുട്ടി പഠിച്ചെടുക്കേണ്ടത്.

സവിശേഷമായ ഭാഷാപഠനം വാസ്തവത്തിൽ ഭാഷാഘടനയെ കൂടുതൽ ശ്രദ്ധിക്കുന്നു. ഭാഷാപ്രയോഗങ്ങളുടെ അന്തർദ്ധാരയായി നില്ക്കുന്ന ഘടനയും അതിലെ ചേർപ്പുകളും അഴിപ്പുകളുമെല്ലാം അടുത്തുപരിശോധിക്കുന്നു. ഭാവാനാത്മകവും നവീനവുമായ പ്രയോഗങ്ങളെ, ഉക്തിവൈചിത്ര്യങ്ങളെ, മനസ്സിലാക്കാനും പുതിയ പ്രയോഗങ്ങളിലേക്ക് സ്വയം എത്തിച്ചേരാനും അതു കുട്ടികളെ സജ്ജരാക്കുന്നു. ഭാഷയും സാഹിത്യവുമാണ് അതിലെ പ്രധാന പഠനവിഷയം. പദ്യപഠനത്തിലൂടെ കവിതയുടെ ഭാവനാലോകം പരിചയപ്പെടുക മാത്രമല്ല കുട്ടികളുടെ പദജ്ഞാനം വലിയതോതിൽ വികസിക്കുകയും ചെയ്യുന്നു. ഒരേ അർത്ഥത്തെ കുറിക്കാൻ ഊഷൽഭേദങ്ങളോടെ പല പദങ്ങൾ പഠിക്കുന്നതോടെ പ്രയോഗം കൂടുതൽ സൂക്ഷ്മതരമാകുന്നു. വ്യത്യസ്തമായ പദങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥനിവേദനത്തിനുള്ള പല രീതികൾ സ്വായത്തമാക്കുന്നു. അഞ്ചാം വയസ്സിൽനിന്ന് കുട്ടിയുടെ ഭാഷാശേഷി വികസിക്കുന്നത് പ്രധാനമായും പദശേഖരത്തിലും വാക്യപ്രയോഗങ്ങളുടെ വൈവിദ്ധ്യത്തിലുമാണല്ലോ. അതിനു സമാന്തരമായി വ്യത്യസ്തവിഷയങ്ങളിലുള്ള അറിവും വികസിക്കുന്നു. ഇങ്ങനെയെല്ലാം ചിട്ടപ്പെടുത്തിയ ഒരു പദ്ധതിയാണ് ഭാഷാപഠനത്തിന്റേത്.

അറിയുന്നതിൽനിന്ന് അറിയാനുള്ളതിലേക്ക് എന്നാണ് എക്കാലത്തെയും വിദ്യാഭ്യാസത്തിന്റെ നിർദ്ദിഷ്ടരീതി. മലയാളപഠനത്തിന്റെ കാര്യത്തിൽ നിത്യജീവിതത്തിൽ കാര്യക്ഷമമായി മലയാളം ഉപയോഗിക്കുന്നു എന്നുള്ളത് എല്ലാ കുട്ടികളും നേരത്തെ ആർജ്ജിച്ചുകഴിഞ്ഞ ശേഷിയാണ്. എന്നുവെച്ചാൽ സ്റ്റാർട്ടിങ് പോയിന്റിൽ എല്ലാവരും അവരവരുടെ കഴിവനുസരിച്ച് ഒരേപോലെ മിടുക്കരാണ്. എന്നുവെച്ച് തുടർന്നുള്ള മാർഗ്ഗത്തിൽ എല്ലാവരും ഒരേപോലെ മുന്നേറിക്കൊള്ളണമെന്നില്ല. മലയാളപഠനത്തിന്റെ കാര്യത്തിൽ കുട്ടികൾ പ്രയാസമനുഭവിക്കുന്നത് പ്രധാനമായും അക്ഷരമെഴുത്ത് പഠിച്ചെടുക്കുന്നതിലാണ്. അതിലെ പ്രധാന വൈതരണി അതിഖരഘോഷങ്ങളും ഊഷ്മാക്കളുംതന്നെ. അതിന്റെ കാരണമാകട്ടെ മലയാളമെഴുത്തിന്റെ പരിണാമചരിത്രത്തിൽത്തന്നെ വേരോടിയിരിക്കുന്ന ചില കാര്യങ്ങളാണെന്ന്

ഗവേഷണത്തിന്റെ ഭാഗമായി നടത്തിയ വിശകലനത്തിൽ വ്യക്തമായിട്ടുണ്ട് (സോമനാഥൻ, 2008).

തമിഴക്ഷരമാലയിലൊതുങ്ങിനിന്ന വട്ടെഴുത്തിൽനിന്ന് സംസ്കൃതാക്ഷരമാലകൂടി ഉൾപ്പെടുന്ന ഗ്രന്ഥാക്ഷരത്തിലേക്ക് വികസിച്ചതാണ് പ്രാചീനകാലത്തുതന്നെ മലയാളമെഴുത്തിലുണ്ടായ ഒരു പ്രധാനപരിണാമം. രാമചരിതവും തിരുനിഴൽമാലയും പോലുള്ള പാട്ടുകൃതികളിൽനിന്ന് കണ്ണശ്ശക്കവിതകളിലൂടെ വളർന്ന് എഴുത്തച്ഛന്റെ കിളിപ്പാട്ടിലേക്ക് എത്തുമ്പോൾ ഈ പരിണാമം ഏതാണ്ട് പൂർത്തിയാകുന്നു. എഴുത്തച്ഛനിൽത്തന്നെ രാമായണത്തിൽനിന്ന് മഹാഭാരതത്തിലേക്ക് എത്തുമ്പോൾ ചെറുശ്ശേരിയിൽ കണ്ടതുപോലെ ഒരു തെളിച്ചം കൂടുന്നുമുണ്ടല്ലോ. പാട്ടിൽനിന്ന് കിളിപ്പാട്ടിലേക്കുള്ള ഈ ലിപിവികാസം ബോധപൂർവ്വമായ ഭാഷാസൂത്രണയത്നത്തിന്റെ ഫലമായി വിചാരിക്കാനാവില്ല. സംസ്കൃതാക്ഷരങ്ങൾ ഓരോന്നായി കടന്നുവരുന്നതിന്റെ ചരിത്രപരമായ വിശദാംശങ്ങൾ എൻ. സാം പ്രസിദ്ധീകരിച്ചിട്ടുണ്ട് (2006).

സംസ്കൃതാക്ഷരമാലയുടെ സ്വീകരണം മലയാളത്തിന്റെ പദസമ്പത്തും പ്രയോഗശേഷിയും വികസിപ്പിച്ചു എന്നല്ല, അതില്ലാത്ത മലയാളത്തെ സങ്കല്പിക്കാൻ പോലുമാകാത്ത രീതിയിൽ അത് പ്രതിഷ്ഠ നേടുകയും ചെയ്തു. എങ്കിലും അത് മലയാളിജീവിതത്തിന്റെ അടിയടരിനെ ഇതുവരെ പൂർണ്ണമായും സ്വാധീനിച്ചുകഴിഞ്ഞു എന്നും പറയാനാവില്ല. ഗ്രീഷ്മ, ബാലഭാസ്കർ തുടങ്ങി പുതിയ ആൾപ്പേരുകളിൽ ഗ്രന്ഥാക്ഷരമില്ലാതെ പറ്റാത്ത അവസ്ഥയുണ്ടെന്നതു ശരിതന്നെ. അതേസമയം ബി.പി. അങ്ങാടി, ശാന്തിനഗർ തുടങ്ങിയ ചില പ്രദേശനാമങ്ങളോ മഞ്ജുളാഭവൻ, ഇന്ദീവരം, ലവ്ഡേൽ തുടങ്ങിയ ഏതാനും വീട്ടുപേരുകളോ അല്ലാതെ വില്ലേജാപ്പീസിൽ നല്കുന്ന സ്ഥലപ്പേരുകളോ വീട്ടുപേരുകളോ പരിശോധിച്ചാൽ അവയെല്ലാം പഴയ വട്ടെഴുത്തിൽ ഒതുങ്ങുന്നവയാണെന്നു കാണാം. മാത്രമല്ല, പില്ക്കാലത്ത്, പച്ചമലയാളപ്രസ്ഥാനത്തിന്റെ കാലത്തുമാത്രമല്ല, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്പോലും ദ്രാവിഡാക്ഷരങ്ങൾ മാത്രമുപയോഗിച്ച് നിലംപൂത്തുമലർന്നനാൾ പോലെ ഒരു നോവൽ സാദ്ധ്യമാണെന്ന് തെളിയിച്ചിട്ടുമുണ്ടല്ലോ. അതേസമയം പ്രാചീനതയോട് വളരെയേറെ മമതയും തീവ്രമായ ഭാഷാഭിമാനവും വെച്ചുപുലർത്തുന്ന തമിഴുതന്നെ, ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണെങ്കിലും, തെലുഗുകന്നഡങ്ങളെയും മലയാളത്തെയും പിന്തുടരുന്ന മട്ടിൽ, മൃദുക്കളും അതിഖരങ്ങളും എഴുത്തിലേക്ക് സ്വീകരിക്കുന്നതു കാണാം. അതായിരിക്കാം ഭാഷാവികാസത്തിന്റെ സ്വാഭാവികമാർഗ്ഗം.

എഴുത്തിൽ അതിഖരമൃദുഘോഷങ്ങളും ഊഷ്മാക്കളുമെല്ലാം സാർവ്വത്രി കമായ സ്വീകരിക്കപ്പെട്ടെങ്കിലും അവയെ വ്യതിരിക്തമായി ഉച്ചരിക്കുന്ന രീതി സമാന്തരമായി ഇവിടെ വികസിച്ചില്ല. മുഖമെന്നും നഖമെന്നുംതന്നെ എഴുതു മ്പോഴും സാധാരണഭാഷണങ്ങളിൽ മുകമെന്നും നകമെന്നും മറ്റും പറയാനോ പറഞ്ഞുകേട്ടാലോ നമുക്ക് അസ്വാഭാവികത തോന്നുന്നില്ല. അതിനാൽ ഉച്ചാരണം ഒരു വഴിയും എഴുത്ത് വേറൊരു വഴിയും എന്ന വൈരുദ്ധ്യം മലയാളത്തെ സംബന്ധിച്ച് ഇപ്പോഴും നിലനില്ക്കുന്നുണ്ട്. മലയാളത്തിലെ സ്വനിമങ്ങളെയും അക്ഷരങ്ങളെയും താരതമ്യം ചെയ്തു പഠിച്ച വി. സുകുമാരൻ (1990) അതിഖരഘോഷങ്ങൾക്ക് അല്പവ്യത്യയജോടികൾ ഇല്ലെന്നതിൽ പ്രയാസപ്പെടുന്നുണ്ട്. മലയാളത്തിലെ സ്വനങ്ങളെ നിർണ്ണയിക്കുമ്പോൾ പ്ര ബോധചന്ദ്രൻ നായരെപ്പോലുള്ളവർ (1980) അതിഖരവും ഘോഷവും തമ്മിൽ വ്യവച്ഛേദിക്കുന്നത് മലയാളികളുടെ സംസാരത്തിൽ പതിവില്ല എന്ന് രേഖ പ്പെടുത്തിയിട്ടുള്ളത് ഓർക്കുക. വാമൊഴിയിൽ അതില്ലെന്നു പറയുന്ന അദ്ദേഹം എഴുത്തിൽ അതുണ്ടെന്നുകൂടി പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്(1999). എഴു ത്തിലുണ്ട് ഉച്ചാരണത്തിലില്ല എന്ന കടങ്കഥ മലയാളത്തിലുണ്ട് എന്നർത്ഥം.

ഈ അവസ്ഥയെ അംഗീകരിച്ചുകൊണ്ടുതന്നെ വേണുഗോപാലപ്പണി ക്കർ മാനകീകരണത്തെക്കുറിച്ച് പര്യാലോചിച്ച് ഇങ്ങനെ പറയുന്നു:

«നിലവാരപ്പെടുത്തലാണ് വിഷയം, തെറ്റുതിരുത്തലല്ല. ഈ ശ്രമംതന്നെ യും വാമൊഴിയുടെ സ്വാച്ഛന്ദ്യത്തിനു നേരെ നടത്തുന്ന അത്യാചാരമായി ധരി ച്ചുപോകാം. അതുകൊണ്ട് ഉറപ്പിച്ചു പറയട്ടെ, വിശേഷവ്യവഹാരമാണ് രംഗം. വ്യാകരണസാധുത എന്നതു മറ്റൊരു വിഷയമാണ്. വിശേഷവ്യവഹാരത്തിൽ എത്രത്തോളം വ്യാവർത്തനം ദീക്ഷിക്കേണ്ടതുണ്ട്, എത്രത്തോളം സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണ് എന്നു മാത്രം. ആസൂത്രിതമായ ഏകീകരണത്തിന പ്പുറം വൈവിദ്ധ്യങ്ങൾ നിലനിന്നുകൊള്ളും.

വിശേഷവ്യവഹാരത്തിലും മാറ്റങ്ങൾ വരികതന്നെ ചെയ്യും. 'മാങ്കനി'യും 'മാമ്പൂ'വും ഇരിക്കെത്തന്നെ 'മാങ്കായ്' മാറി 'മാങ്ങ'യായതോർക്കുക.

അന്ന് പലർക്കും ഹിതമായത് മാങ്കായ് ആയിരുന്നിട്ടും അന്നത്തെ വിശേ ഷവ്യവഹാരത്തെ നിയന്ത്രിക്കുന്ന ഭാഷകസമൂഹഗണം അംഗീകരിച്ച മാറ്റം നടപ്പിലായി. ഭാഷാസൂത്രകർ വിശേഷവ്യവഹാരത്തിലേക്കായി രൂപങ്ങൾ തിരഞ്ഞെടുക്കും. അവയുടെ ലക്ഷണം വിവരിക്കുകയും ചെയ്യും. ഭാഷ ചിലപ്പോ ഴൊക്കെ ഇതിന്നു വഴങ്ങിനില്ക്കാതെ കുതറിപ്പോകും. നമ്മുടെ ആദ്യകാലത്തെ ഭാഷാസൂത്രകനായ ലീലാതിലകകാരൻ 'ഇരണ്ടി'ലെ ആദ്യത്തെ 'ഇ' വിട്ട്

രണ്ട് ആക്കരുതെന്നു വിധിച്ചു. അങ്ങനെ ചെയ്യുന്നത് 'ഒരുത്തി' എന്നു വേണ്ടത് 'രുത്തി' എന്നാക്കുംപോലെയാണെന്ന് വാദിച്ചു. ക്രമികതയും യുക്തിഭദ്രതയുമാണ് ഭാഷാസൂത്രകനായ വൈയാകരണന്റെ താല്പര്യവിഷയങ്ങൾ. അവ കണക്കിലെടുത്താൽ ലീലാതിലകാരന്റെ വാദം ശരിയാണ്. ഒരുത്തിയിൽ പ്രകൃതി 'ഒര്', ഇരണ്ടിൽ 'ഇര്' എന്നും. ഇതിന്റെ സാന്നിദ്ധ്യം കാണുക: ഇരട്ടി, ഇരുപത്, ഇരുനൂറ്. ദീർഘസ്വരത്തോടെ ഈ(രി)രണ്ട്, ഈരായിരം, ഈരാറ്... എന്നും മറ്റും. ക്രമം, യുക്തി ഇവ വിട്ട് ഭാഷകശീലം രണ്ട് എന്നതിൽ ഉറച്ചു. ഇരണ്ട് അന്യായമായി. പോയവഴിയേ തെളിക്കയേ വൈയാകരണന് തരമുള്ളൂ. തോറ്റുപോകുമെന്നറിഞ്ഞിട്ടും പണിപ്പെടേണ്ടിവരുന്ന ആളാണ് ഒരുനിലയ്ക്ക് ഭാഷാസൂത്രകൻ. വ്യതിയാനങ്ങൾക്കും വൈവിദ്ധ്യങ്ങൾക്കും അപ്പുറത്തുള്ള ഏകീകരണത്തിനു വേണ്ടിയാണല്ലോ അയാളുടെ പരിശ്രമമത്രയും"(http://books.sayahna.org/ml/pdf/venugopal-unp.pdf.

ഭാഷാസൂത്രകർ മാത്രമല്ല സാധാരണ ഭാഷകരും ഏകീകരണത്തിന് ശ്രമിക്കാറുണ്ടെന്ന്–സ്വന്തം വാമൊഴിഭേദത്തിന്റെ അതിർത്തികടക്കുമ്പോഴെല്ലാം ഓരോ ഭാഷകനും നിലവാരപ്പെടുത്താൻ യത്നിക്കുന്നത്, 'യ്ക്ക് ശ്ശല്യ' എന്നതു മാറ്റി 'എനിക്കറിയില്ല' എന്നും 'ച്ച മാണ്ട' എന്നതു മാറ്റി 'എനിക്ക് വേണ്ട' എന്നും മറ്റും പ്രയോഗിക്കാറുള്ളത് ഉദാഹരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു പറയുന്നു. സാക്ഷരത ഇതിനെ വളരെ സഹായിക്കുന്നു എന്നർത്ഥം.

അതിഖരത്തെയും ഘോഷത്തെയും വ്യവച്ഛേദിക്കാൻ, ചുരുങ്ങിയപക്ഷം, സാക്ഷരരായ മലയാളികളെങ്കിലും, ശ്രമിക്കുന്നുണ്ടെന്നതും അതുപോലെ ശ്രദ്ധിക്കേണ്ടകാര്യമാണ്. ഒരാളുടെ വാമൊഴിയെ പരിശോധിച്ചാൽ അതിലെ അതിഖരങ്ങളും ഘോഷങ്ങളും പരസ്പരം വ്യത്യസ്തമാണ് എന്ന് പറയേണ്ടിവരും. അതേസമയം മറ്റൊരാളുടെ അതിഖരഘോഷങ്ങളുമായി അവ ഒന്നിനൊന്നു പൊരുത്തം ദീക്ഷിച്ചുകൊള്ളണമെന്നില്ല. ചിലപ്പോൾ മറ്റൊരാളുടെ അതിഖരങ്ങളിൽനിന്ന് അയാളുടെ ഘോഷങ്ങൾ വേർതിരിച്ചറിയാനായില്ലെന്നും വരാം. അതിഖരഘോഷങ്ങളുടെ ഉച്ചാരണത്തിൽ മാനകീകൃതമായ മാതൃക സാർവ്വത്രികമായി നടപ്പിലില്ല എന്നതാവാം ശരി. ഊഷ്മാക്കളുടെ കാര്യത്തിൽ ഭാഷാഭേദങ്ങളുടെ സ്വാധീനവും നിർണ്ണായകമാണ്. ചില ഭാഷാഭേദങ്ങളിൽ അവയുടെ വ്യവച്ഛേദനം ഉച്ചാരണത്തിൽത്തന്നെ കാണുന്നുണ്ടെങ്കിലും മറ്റുചില ഭാഷാഭേദങ്ങളിൽ ഇവ പരസ്പരം മാറ്റി ഉപയോഗിക്കുന്ന രീതി ശ്രദ്ധിച്ചാൽ ഒരു സ്വനിമത്തിന്റെ ഉപസ്വനങ്ങൾപോലെയാണ് അവ പെരുമാറുന്നത് എന്നു കാണാം. അതായത് മലയാളത്തിലെ ഈ വ്യവച്ഛേദനങ്ങൾ എഴുത്തിലൂടെ

മാത്രം ഉറയ്ക്കുന്ന ഒരു ഭാഷാപ്രതിഭാസമാണെന്നർത്ഥം. അതിനാൽത്തന്നെ കുട്ടികളുടെ അക്ഷരത്തെറ്റുകൾ മിക്കതും ഇതിനെ കേന്ദ്രീകരിച്ചാകുന്നത് സ്വാഭാവികമാണ്. എന്നുവെച്ചാൽ അതിഖരമൃദുഘോഷോഷ്മാക്കളുടെ വ്യതിരിക്തത എഴുത്തിലൂടെ സ്വായത്താമാക്കേണ്ടതിനാൽ അവയെ നിരന്തരം തിരുത്തി മുന്നേറുന്ന ഒരു ബോധനരീതിയാവും ഫലപ്രദമാവുക എന്നർത്ഥം. അത്തരം ബോധനരീതി പ്രാബല്യത്തിലുണ്ടായിരുന്നിട്ടും അക്ഷരപ്പിശകുകൾ അത്രയ്ക്ക് അസാധാരണമായിരുന്നില്ല എന്നാണ് നിരീക്ഷണങ്ങൾ വെളിവാക്കുന്നത്.

പദസ്വാംശീകരണത്തിന്റെ കാര്യത്തിലും ചില അന്തരങ്ങൾ കാണുന്നുണ്ട്. വ്യത്യസ്തമായ വാക്യരീതികൾ, വിശേഷിച്ചും ദീർഘവും സങ്കീർണ്ണഘടനയുള്ളതുമായ വാക്യരചന പ്രയോഗിക്കുന്നതിൽ പത്താം ക്ലാസ്സിലെത്തുമ്പോഴും ഒരു വിഭാഗം കുട്ടികൾ മുന്നേറുന്നില്ല എന്നാണ് കാണാൻ കഴിഞ്ഞത്. രസകരമായ കാര്യം വാക്യത്തിൽ ആവശ്യമായ ചിഹ്നങ്ങൾ ചേർക്കുന്ന കുട്ടികൾ വാക്യരചനയിൽ സാമാന്യമായും മികവു കാട്ടുന്നു എന്ന വസ്തുതയാണ്. അതേസമയം ലഘുവാക്യങ്ങൾ മാത്രം ഉപയോഗിക്കുന്നവർ ഫുൾസ്റ്റോപ്പ് എന്ന ചിഹ്നം പോലും ഉപയോഗിക്കാൻ പൊതുവെ ശ്രമിച്ചുകാണുന്നുമില്ല. വാക്യങ്ങളെ ചേർത്തുവെയ്ക്കുമ്പോൾ പിന്നെ, എന്നിട്ട് തുടങ്ങി പ്രകരണപരമായോ ആഖ്യാനപരമായോ ആയ തുടർച്ചകളെ കുറിക്കുന്ന പദങ്ങൾ ചേർത്തുവെച്ചുകൊണ്ട് വാക്യങ്ങളെ ഘടിപ്പിക്കാനുള്ള ശ്രമങ്ങളും ധാരാളമായി കാണാൻ കഴിയും. ഫലത്തിൽ ഒന്നാം ഭാഷയായിട്ടും പഠനത്തിന്റെ പത്താം വർഷമെത്തിയിട്ടും വ്യക്തവും കൃത്യവും വൈവിധ്യപൂർണ്ണവുമായ ഭാഷാപ്രയോഗത്തിൽ മിക്കവരും വേണ്ടത്ര മുന്നേറുന്നില്ല എന്നാണ് വ്യക്തമാകുന്നത്. മലയാളം ഭരണഭാഷയാക്കിക്കൊണ്ട് ഉത്തരവു വന്നെങ്കിലും ഉത്തരവുകളോ കത്തുകളോ ഒക്കെ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്ക് നല്ല മലയാളത്തിൽ അതു ചെയ്യാനാകുന്നില്ല എന്ന വസ്തുതയെ ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടതാണ്. ഭാഷാസൂത്രണത്തിലെ മറ്റൊരു പ്രധാനമേഖലയായ ഭരണഭാഷയിലേക്ക് മലയാളത്തിന് സുഗമമായി പ്രവേശിക്കാനാവാത്തത് അടിസ്ഥാനപരമായ ചില എഴുത്തുഭാഷാശേഷികൾ വേണ്ടവിധം സ്വായത്തമാക്കാൻ കഴിയാത്തതുകൊണ്ടാണ് എന്നുവേണം അനുമാനിക്കാൻ. ഗ്രാഡ്വേറ്റുകൾ അവരവർ പഠിച്ച വിഷയങ്ങൾ മലയാളത്തിൽ എഴുതി നമ്മുടെ ഗ്രന്ഥാവലിയുടെ എണ്ണത്തിലും വണ്ണത്തിലുമുള്ള പരിമിതികൾ മറികടക്കാൻ ഉത്സാഹിക്കണമെന്ന് ഒരു നൂറ്റാണ്ടുമുമ്പേ എ.ആർ. രാജരാജവർമ്മ ചെയ്ത ആഹ്വാനം വേണ്ടവിധം നടപ്പിലാകാത്തതും ഇതിന് കാരണമാണോ എന്നു പരിശോധിക്കേണ്ടതാണ്.

കാര്യങ്ങൾ അത്രയൊന്നും ശുഭോദർക്കമല്ലാതിരുന്ന ചരിത്രഘട്ടത്തിലാണ് 1997-ൽ വിദ്യാഭ്യാസരംഗത്ത് സമൂലമായ പരിഷ്കരണമുണ്ടാകുന്നത്. അതിനാൽത്തന്നെ വളരെയേറെ പ്രതീക്ഷകളോടെയാണ് ഭാഷാതല്പരർ പരിഷ്കരണശ്രമങ്ങളെ നിരീക്ഷിച്ചതും. ദൗർഭാഗ്യവശാൽ ചില വിവാദങ്ങളിലേക്കാണ് അത് നേരെ ചെന്നു പതിച്ചത്. അതിനെത്തുടർന്ന് ചില ശാഠ്യങ്ങളിലും കഴമ്പില്ലാത്ത അവകാശവാദങ്ങളിലും മുങ്ങുന്ന പതിവു രാഷ്ട്രീയതന്ത്രത്തിലേക്ക് അത് കൂപ്പുകുത്തുകയും ചെയ്തു. ഉദാഹരണത്തിന് അക്ഷരത്തെറ്റുകൾ തിരുത്താൻ പാടില്ല, കുട്ടികൾ അത് സ്വയം കണ്ടെത്തുകയും സ്വയം തിരുത്തുകയുമാണ് വേണ്ടത് എന്ന ബോധനശാസ്ത്രപരമായി കൂടുതൽ ശരിയും ശാസ്ത്രീയവുമായ നിലപാട് പരിഷ്കരണം മുന്നോട്ടുവെച്ചു. എന്നാൽ അത് നടപ്പിലായത് അക്ഷരത്തെറ്റുകൾ തിരുത്താൻ പാടില്ല, ചുവന്ന മഷിയെ സ്കൂളിൽ പ്രവേശിപ്പിക്കാൻ പാടില്ല തുടങ്ങിയ ശാഠ്യങ്ങളായാണ്. ഫലത്തിൽ മുമ്പുണ്ടായിരുന്നതുപോലെ അദ്ധ്യാപകകേന്ദ്രിതമായ നിലപാടു സ്വീകരിച്ചുകൊണ്ട് തെറ്റുതിരുത്തുന്ന രീതി അവസാനിപ്പിച്ചു എന്നു മാത്രമല്ല കുട്ടികൾ സ്വയം തിരുത്തി മുന്നേറുന്ന പുതിയ രീതി ഫലപ്രദമായി നടപ്പിലായതുമില്ല. ഭാഷയിൽ തെറ്റുകളേയില്ല എന്നുപോലും വാദമുണ്ടായി. അഞ്ചു വയസ്സിനിടെ കുട്ടി സ്വയം ആർജ്ജിച്ചെടുക്കുന്ന ഒന്നാംഭാഷയിൽ ഒരു ഘട്ടത്തിൽ കാണിക്കുന്ന തെറ്റുകൾ അടുത്ത ഘട്ടത്തിൽ സ്വയം തിരുത്തി മുന്നേറുന്ന ശിശുഭാഷാർജ്ജനത്തിന്റെ രീതിയും സ്വഭാവവുമാണ് പരിഷ്കരണവാദികൾ ആദർശമായി സ്വീകരിച്ചത്. ശിശുഭാഷാർജ്ജനവും ബാലഭ്യസനവും രണ്ടാണെന്ന കാര്യം അവർ വേണ്ടത്ര സൂക്ഷ്മമായി തിരിച്ചറിഞ്ഞില്ല എന്നുവേണം അനുമാനിക്കാൻ. കാരണം പാഠപുസ്തകങ്ങളെയും പഠനപാഠനപ്രവർത്തനങ്ങളെയും ശിശുഭാഷാർജ്ജനത്തിന്റെ പരിപ്രേക്ഷ്യത്തിൽ മാറ്റിയെടുക്കാനാണ് അന്ന് ഉത്സാഹിച്ചത്. ഭാഷാവ്യവഹാരങ്ങൾക്ക് അമിതമായ ഊന്നൽ അതുവഴി വന്നുകൂടി. അതിൽത്തന്നെ പ്രാദേശികമായ മൊഴിഭേദങ്ങൾക്ക് പ്രാധാന്യവും കൈവന്നു. അക്ഷരങ്ങൾ ഒറ്റയൊറ്റയായി പഠിച്ച് അക്ഷരമാല ഹൃദിസ്ഥമാക്കി എഴുത്തിൽ മുന്നേറുന്ന രീതി ഒഴിവാക്കി കുട്ടിയുടെ പേരുൾപ്പെടെ പരിചിതമായ പദങ്ങൾ എഴുതുകയെന്ന രീതി കൊണ്ടുവന്നു. നിരർത്ഥകമായ അക്ഷരങ്ങളെക്കാൾ ഭാഷയിൽ പ്രധാനം സാർത്ഥകമായ വാക്കുകളാണല്ലോ എന്നാണതിന്റെ യുക്തി. പക്ഷേ, അക്ഷരമാലയെ, അതിന്റെ ക്രമത്തെത്തന്നെ, പാടേ തള്ളിക്കളഞ്ഞതുമില്ല. അപരിചിതപദങ്ങളുടെ അർത്ഥം കണ്ടെത്താനായി നിഘണ്ടു പരിശോധിക്കണം (അതിന്റെ ചെറുപതിപ്പ് ഓരോ പാഠപുസ്തകത്തിലും അനുബന്ധമായി നല്കിക്കൊണ്ട് വലിയ ദീർഘവീക്ഷണവും ആസൂത്രണമികവും പ്രദർശിപ്പിച്ചു).

അത് ശീലിച്ച് ക്രമേണ നിഘണ്ടുനിർമ്മാണത്തിൽ എത്തണമെന്നായിരുന്നു പഠനമാർഗ്ഗം. അങ്ങനെവരുമ്പോൾ യാന്ത്രികമായ മനപ്പാഠമാക്കലില്ലാതെ ത്തന്നെ അക്ഷരമാലയുടെ ക്രമം ഹൃദിസ്ഥമാകും എന്നാണ് വിഭാവന ചെയ്തത്. അതുപക്ഷെ, സിദ്ധാന്തമായി നിന്നതല്ലാതെ പ്രയോഗത്തിൽ ഫലപ്രദമായി നടപ്പിലായില്ല.

ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഇതുപോലെ നയവ്യത്യാസം പ്രകടമായി. ശിശുഭാഷാർജ്ജനത്തെ മുൻനിറുത്തിക്കൊണ്ട് ഭാഷയിൽ സാമാന്യമായ ധാരണ മതിയെന്ന നിലപാട് ഇതിനു പിന്നിലുണ്ട്. പണ്ടു രചനാപുസ്തകത്തിന്റെ ഭാഗമായിരുന്ന വ്യവഹാരങ്ങൾ മിക്കതും ഒന്നാം പേപ്പറിലേക്ക് കൂടുമാറി. അതോടെ ഉദ്ദേശ്യലക്ഷ്യങ്ങളിലും ഘടനയിലും വ്യത്യസ്തമായ ഒന്നാം പേപ്പർ, രണ്ടാം പേപ്പർ എന്ന വിഭജനം അപ്രസക്തമായി. അതിന്റെ ഭാഗമായാവണം, ഏതാനും വർഷം കഴിഞ്ഞതോടെ പാഠപുസ്തകങ്ങളുടെ ഈ ഘടനയും സ്വാഭാവികമായും മാറ്റി. എട്ടാം ക്ലാസ്സുമുതൽ മലയാളത്തിന് ഒരേ ഘടനയിൽ ഒരേസമയം രണ്ടു പുസ്തകങ്ങൾ നിലവിൽവന്നു. സാഹിത്യവിഭവം മാത്രം മാറ്റിയിട്ടുള്ള (ഒന്നിൽ വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്തിലെ ഭാഗമാണെങ്കിൽ മറ്റതിൽ മാമ്പഴത്തിലെ ഭാഗങ്ങളാവും എന്ന മട്ടിൽ) രണ്ടു പാഠപുസ്തകങ്ങളാണ് നടപ്പിലുള്ളത്. ഫലത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ അവഗണിച്ചുകൊണ്ട് ഒരു മിശ്രണമാണ് സംഭവിച്ചത്. ശിശുഭാഷാർജ്ജനത്തിന്റെ പടവുകൾതന്നെ ബാലാഭ്യസനത്തിനും എന്നു കരുതിയതിന്റെ തുടർച്ചയായി വാമൊഴിയുടെ വിശാലപഠനമാണ് ഭാഷാപഠനം എന്ന നിലപാട് സ്വീകരിച്ചതുപോലെയാണ് അതിന്റെ രീതി. അതുകൊണ്ട് എഴുത്തുരീതികളിൽ അതുവരെയുണ്ടായിരുന്ന അതിഖരമൃദുഘോഷോഷ്മാക്കളിൽ പരക്കെ കണ്ടുവന്ന സന്ദിഗ്ധത, ദീർഘവും സങ്കീർണ്ണവുമായ വാക്യവൈവിദ്ധ്യങ്ങളെ സ്വാംശീകരിക്കാനുള്ള പ്രയാസം തുടങ്ങിയവ പുതിയ പദ്ധതിയിൽ ഒന്നുകൂടി തീവ്രമായി കാണാനായി എന്നാണ് ഗവേഷണത്തിന്റെ ഭാഗമായി ശേഖരിച്ച ഭാഷാമാതൃകകൾ വ്യക്തമാക്കിയത്. അത് സ്കൂൾ ക്ലാസ്സുകളിൽ ഒതുങ്ങി നില്ക്കുന്ന ഒരു പ്രവണതയായി കരുതാനാവില്ല. എം.എ. മലയാളം ജയിച്ചവരിൽത്തന്നെ ഒരു വിഭാഗത്തിന് സ്വന്തമായി ടി.സി.ക്കുള്ള അപേക്ഷപോലും വ്യക്തമായി എഴുതാൻ കഴിയാത്ത ചില ഉദാഹരണങ്ങൾ ഉണ്ടാകുന്നത് അതിന്റെ തുടർച്ചയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ലിപിപരിഷ്കരണം രൂപകല്പനചെയ്തു ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അതിലെ നിർദ്ദേശങ്ങൾ (1971 ഏപ്രിൽ 13-ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു) അച്ചടിയുടെയും ടൈപ്പ് റൈറ്റിങ്ങിന്റെയും

കാര്യത്തിൽ നടപ്പിലാക്കാൻ മാത്രമാണ് എന്ന് വ്യക്തമാക്കിയിരുന്നു. എങ്കിലും വിദ്യാഭ്യാസമേഖലയിൽ അത് നടപ്പിലാക്കരുത് എന്ന് അവർ പ്രത്യേകം എഴുതിവെയ്ക്കാൻ ശ്രദ്ധിച്ചു. പക്ഷേ, ഒന്നുരണ്ടു വർഷത്തിനുള്ളിൽ സി.ഐ.ഐ.എല്ലിലെ ശ്യാമളകുമാരിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ ശുപാർശയെത്തുടർന്ന് അതപ്പടി മലയാളപഠനത്തിലേക്കും നടപ്പാക്കി. പിന്നാലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻകയ്യിൽ എൻ.വി. കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ പുതിയ ലിപിപരിഷ്കരണനിർദ്ദേശങ്ങൾ വരികയും ചെയ്തു. ചില്ലിനുശേഷം ഖരാക്ഷരങ്ങൾ ഇരട്ടിച്ചെഴുതേണ്ടതില്ല, ചർച മതി ചർച്ച വേണ്ട, എന്നൊക്കെ എഴുത്തിലുപരി ഉച്ചാരണരീതികളെ മുൻനിർത്തിയുള്ളവ യായിരുന്നു അവയിൽ പലതും. അച്ചടിവിദ്യയെക്കുറിച്ച് വിശേഷമായ പാണ്ഡി ത്യമില്ലാത്ത ഭാഷാപണ്ഡിതർ ആയതിനാലാവാം അച്ചടിപരിഷ്കരണത്തിനു പകരം ഭാഷാപരിഷ്കരണത്തെയാണ് അവർ ആശ്രയിച്ചത് എന്നതാണ് അതിലെ സൂക്ഷ്മവൈരുദ്ധ്യം. ടൈപ്പ്റൈറ്റർ അപ്രസക്തമാകുകയും അച്ചടി ഡിടിപിയിലൂടെ മുന്നേറുകയും ചെയ്ത ഘട്ടത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിന്നെയും ചില ലിപിപരിഷ്കരണനിർദ്ദേശങ്ങൾ–പ്റാവ്, കറ്മി എന്നെല്ലാം പിരിച്ചെഴ തണമെന്നുൾപ്പെടെ–(മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം, വി.ആർ. പ്രബോധചന്ദ്രൻ നായരുടെ മലയാളം മലയാളിയോളം എന്നിവ കാണുക) നിർദ്ദേശിക്കുകയും അവയത്രയും വിദ്യാഭ്യാസവകുപ്പ് ഉത്തരവിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു (ഭാഗ്യത്തിന് നടപ്പായില്ല).

കമ്പ്യൂട്ടറാകട്ടെ കൂട്ടക്ഷരങ്ങളെ പലതിനെയും തിരികെക്കൊണ്ടുവരി കയാണ് ചെയ്തത്. രചന അക്ഷരവേദിയുടെ നേതൃത്വത്തിൽചിത്രജകുമാറും കെ.എച്ച്. ഹുസൈനും മറ്റും ചേർന്ന് പരമ്പരാഗതമായ ലിപികളെയത്രയും കമ്പ്യൂട്ടറിൽ സാദ്ധ്യമാക്കി. യൂണിക്കോഡ് നിലവിൽവന്നതോടെ രചനയുടെ തനതുലിപിസഞ്ചയം പരിഷ്കാരത്തോടെ ഓൺലൈൻ ഉപയോഗങ്ങൾ ക്കായി പരക്കെ സ്വീകരിക്കപ്പെടുകയും ചെയ്തു. സ്വതന്ത്രസോഫ്റ്റ്വെയറുകളിൽ അവയായി ഡിഫോൾട്ടായ ഫോണ്ട്. ചുരുക്കത്തിൽ 1968-ലെ ലിപിപരിഷ്ക രണക്കമ്മറ്റിയുടെ രൂപീകരണം ഭാഷാസൂത്രണരംഗത്തുള്ള വലിയ കാൽ വെയ്പായിരുന്നെങ്കിലും പിന്നാലെ സാങ്കേതികവിദ്യാരംഗത്ത്, വിശേഷിച്ചും ഭാഷാസാങ്കേതികരംഗത്ത്, ഉണ്ടായ അഭൂതപൂർവ്വമായ വികാസത്തിന്റെ പശ്ചാത്തലത്തിൽ മലയാളമെഴുത്തിനെ സംബന്ധിച്ച് ഏറ്റവും കലുഷമായ കാലമായി മാറി. അച്ചടിയിലെന്നപോലെ കയ്യെഴുത്തിലും അതു വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഒരേ വാക്കിനുതന്നെ ശരിയായ ഒന്നിലധികം

എഴുത്തുരീതികൾ നടപ്പിലായി. ഇരട്ടിപ്പുകളെ ഇഷ്ടംപോലെ പ്രയോഗിക്കാമെന്ന നില വരിക മാത്രമല്ല സമസ്തപദങ്ങളിൽ സന്ധിയായി വരാറുള്ള ഇരട്ടിപ്പുകൾ മലയാളമെഴുത്തിൽ പൊതുവെ അപ്രത്യക്ഷമാവുകയും ചെയ്തു. സമസ്തപദങ്ങൾ പിരിച്ചെഴുതുന്ന രീതിയും വർദ്ധിച്ചു. ഫലത്തിൽ ഭാഷാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾക്ക് കടകവിരുദ്ധമായ അവസ്ഥയാണ് സംജാതമായത്. വിദ്യാഭ്യാസരംഗമാകട്ടെ അത്തരം അങ്കലാപ്പുകളെ ശ്രദ്ധിച്ചതേയില്ല.

മലയാളഭാഷ ഡിടിപി എന്ന അച്ചടിവിദ്യയിൽനിന്ന് ഭാഷയുടെ ഡിജിറ്റൽ ഉപയോഗങ്ങളിലേക്ക് ഗതിമാറുകയായിരുന്നു. ഇ മെയിലുകളിലും സാമൂഹികമാദ്ധ്യമങ്ങളിലും മലയാളം മലയാളലിപിയിൽത്തന്നെ ടെക്സ്റ്റ് ചെയ്യാമെന്നു വന്നു. വിക്കിപീഡിയകളും ഓൺലൈൻ നിഘണ്ടുക്കളും നിലവിൽവന്നു. കമ്പ്യൂട്ടർ തർജ്ജമ മലയാളത്തിനും സാദ്ധ്യമായി. കാഴ്ചാപരിമിതർക്ക് എഴുത്തുപാഠങ്ങളെ മൊഴികളാക്കി കേൾപ്പിക്കാനുള്ള സംവിധാനങ്ങൾ വന്നു. അവിടെയൊക്കെയും മലയാളമെഴുത്തിൽ സ്വതവേ ഉണ്ടായിരുന്ന ചില അവ്യവസ്ഥിതികൾക്കു പുറമേ ആസൂത്രിതശ്രമങ്ങളിലൂടെ വന്നുകൂടിയ പുതിയ അവ്യവസ്ഥിതികൾ കൂടി മറികടക്കേണ്ട സാഹചര്യം ഭാഷാസാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള വലിയ വൈതരണിയായി മാറി.

സുൽത്താൻ ബത്തേരിയിലെ ഒരു സ്കൂളിൽ ക്ലാസ്സിലിരിക്കേ ഒരു വിദ്യാർത്ഥിനി പാമ്പുകടിയേറ്റ മരിക്കാനിടയായ സാഹചര്യത്തെ മുൻനിർത്തി സർക്കാർ ഇറക്കിയ ഉത്തരവ് എന്ന പേരിൽ ഒന്ന് സാമൂഹ്യമാദ്ധ്യമങ്ങളിൽ വൈറലാവുകയുണ്ടായി. അത് കൃത്രിമമായി ആരോ സൃഷ്ടിച്ചതാണെന്നു വരാം. എങ്കിലും അതിലെ ഭാഷാപ്രയോഗം ഒരു സർക്കാറുത്തരവിൽ തീർത്തും സ്വാഭാവികമാണെന്ന് പലരും തലകുലുക്കി സമ്മതിച്ചു. ബിരുദധാരികളുടെ ഇടയിൽപ്പോലും മലയാളമെഴുത്തിൽ സാമാന്യനിലവാരം ഉറപ്പിക്കാൻ നമ്മുടെ വിദ്യാഭ്യാസപദ്ധതികൾക്കായിട്ടില്ല എന്നാണതിന്റെ സൂചന. സർക്കാർ ജോലിക്കുള്ള പരീക്ഷകളിൽ മലയാളമെഴുതാനും വായിച്ചു ഗ്രഹിക്കാനുമുള്ള സാമാന്യശേഷി പരിശോധിക്കുന്നതിനുള്ള കാര്യക്ഷമമായ പദ്ധതി വേണമെന്നർത്ഥം. അത് ഏതെങ്കിലും ചില സന്ധിയും സമാസവും അറിയുമോ എന്ന പരിശോധനയായല്ല വേണ്ടത്. മറിച്ച്, മലയാളവാക്യങ്ങൾ വായിച്ച് കാര്യം ഗ്രഹിക്കാനാകുന്നുണ്ടോ എന്നും ഒരാശയത്തെ കൃത്യവും വ്യക്തവുമായി സ്വന്തം വാക്യത്തിൽ എഴുതിഫലിപ്പിക്കാൻ കഴിയുന്നുണ്ടോ എന്നുമാണ് പരിശോധിക്കേണ്ടത്. സമ്പൂർണ്ണസാക്ഷരത നേടിയെങ്കിലും ഭരണഭാഷയായി മലയാളം സാർവ്വത്രികമാക്കാനാകാതെ പ്രയാസപ്പെടുന്നതിൽ

ഭാഷാപഠനത്തിലുണ്ടായ പാളിച്ചകൾ വിശദമായി പഠിക്കേണ്ടതായാണി രിക്കുന്നത്. അഥവാ ഭാഷാസൂത്രണത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഭാഷാപ ഠനത്തെക്കുറിച്ച് ഗൗരവതരമായ പര്യാലോചനകൾ ഈ ചരിത്രസന്ദർഭം ആവശ്യപ്പെടുന്നുണ്ട്.

## സൂചനകൾ

1. പ്രബോധചന്ദ്രൻ നായർ, 1980: സ്വനവിജ്ഞാനം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. -------------------- , 1999: മലയാളം മലയാളിയോളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വേണുഗോപാൽ, കെ.എം., 2008: 'ഫിസിക്സിലെ ധ്വനിസിദ്ധാന്തം' (ഇ.സി.ജി. സുദർശനുമായുള്ള അഭിമുഖം) ഭാഷാപോഷിണി, സെപ്റ്റംബർ.
4. വേണുഗോപാലപ്പണിക്കർ ടി.ബി., 2020: 'ഉച്ചാരണശീലം: നിലവാരപ്പെടുത്ത ലും പ്രശ്നങ്ങളും' (http://books.sayahna.org/mi/pdf/venugopal-unp.pdf)
5. സാം എൻ., 2006: കേരളത്തിലെ പ്രാചീനലിപിമാതൃകകൾ, പുരാരേഖാവകുപ്പ്.
6. സുകുമാരൻ വി., 1990: 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും', കെ.എം. പ്രഭാകരവാരിയർ & പി.എൻ. രവീന്ദ്രൻ (സമ്പാ) മലയാളഭാഷാപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. സോമനാഥൻ പി., 2008: 'മലയാളം ഒന്നാംഭാഷയായി പഠിക്കുമ്പോഴുള്ള പ്രശ്ന ങ്ങൾ', കാലിക്കറ്റ് സർവ്വകലാശാലമലയാളവിഭാഗത്തിൽ സമർപ്പിച്ച ഗവേഷ ണപ്രബന്ധം (അപ്രകാശിതം).

*somspuliyullathil@gmail.com*